# മരിച്ചവർ എവിടെ?

## ലൂക്കൊ. 16:19- 31

അനേകം പേർക്ക് താല്പര്യമുള്ള ചോദ്യങ്ങളിൽ ഒന്നാണ് "മരിച്ചവർ എവിടെ?" എന്നത്. വളരെ കാര്യങ്ങൾ നമുക്ക് അറിയണമെന്നുണ്ട്; മരിച്ച ഉടനെ നാം എവിടെ പോകും, മരിച്ചുപോയ നമ്മുടെ സ്നേഹിതന്മാർ ബോധവാന്മാരാണോ, നമ്മുടെ ബന്ധപ്പെട്ടവരുടെ വേർപാടിലുള്ള നമ്മുടെ ദുഃഖം അവർ അറിയുന്നുണ്ടോ ഇല്ലയോ? എന്നു തുടങ്ങി പലതും.[1] ഈ ചോദ്യങ്ങളിൽ ചിലതിന് നമുക്ക് ഉത്തരം നൽകുവാൻ സാധ്യമല്ല. വരുവാനുള്ള ജീവിതത്തിലെ ചില കാര്യങ്ങൾ ദൈവം മറെച്ചുവെക്കുന്നത് ദൈവേഷ്ടമാണ്.

മരണശേഷമുള്ള കാര്യങ്ങളെ കുറിച്ച് പരിമിതമായി മാത്രമെ നാം അറിയാവു എന്ന് ദൈവം വെച്ചിരിക്കുന്നതിന് ശരിയായ കാരണമുണ്ട്. മരിച്ചുപോയ നമ്മുടെ വേണ്ടപ്പെട്ടവർ നമ്മോടടുത്ത് നിന്ന് നാം പറയുന്നതും ചെയ്യുന്നതും ശ്രദ്ധിക്കുകയാണെങ്കിൽ നാം അസ്വസ്ഥരാകുകയില്ലേ? എന്നെ തെറ്റിദ്ധരിക്കരുത്:അങ്ങനെ ആണെന്നല്ല ഞാൻ പറയുന്നത്. അത് അങ്ങനെ ആയിരുന്നുവെങ്കിൽ, അവർ നമ്മെ ശ്രദ്ധിക്കുന്നുണ്ടെന്ന് അറിയുന്നത് പലരേയും അസ്വസ്ഥരാക്കും.

അടിസ്ഥാനപരമായി, നാം ഒരുസമയത്ത് ഒരു ലോകത്ത് മാത്രം ജീവിക്കണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. അടുത്ത ലോകത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ നമ്മെ ജീവിക്കുവാൻ അനുവദിക്കുന്നത് ഒരുപക്ഷെ പ്രായോഗിക കാര്യങ്ങളിൽ നമ്മെ അയോഗ്യരാക്കിതീർക്കും. വരുവാനുള്ള ലോകത്തിലെ ചില കാര്യങ്ങൾ നമ്മളിൽനിന്നു മറെച്ചുവെക്കുന്നത് ദൈവേഷ്ടമാകയാൽ (ആവർത്തനപുസ്തകം 29:29), "നിന്റെ ഇഷ്ടം നടക്കേണമേ" എന്നു തൃപ്തിയോടെ പറയാം (മത്തായി 26:42).

എങ്ങനെയായാലും, ആ വിഷയത്തെ കുറിച്ച് ദൈവം വെളിപ്പെടുത്തിയിട്ടുള്ളത് അറിയുവാൻ നമുക്ക് അവകാശമുണ്ട്. "മരിച്ചവർ എവിടെ?" എന്ന ചോദ്യത്തിന് ബൈബിൾ സംബന്ധമായ ഉത്തരം കണ്ടെത്തുവാൻ യേശു പറഞ്ഞ ഒരു കഥ നമുക്ക് പഠിക്കാം:

> ധനവാനായോരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനമ്പ്രതി ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ[2] എന്നു പേരുള്ളോരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരക്കൽ കിടന്നു ധനവാന്റെ മേശയിൽനിന്നു വീഴുന്നത് തിന്നു വിശപ്പടക്കുവാൻ ആഗ്രഹിച്ചു. നായ്ക്കളും വന്നു അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ, ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്ക് കൊണ്ടുപോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ട് നോക്കി ദൂരത്തുനിന്ന് അബ്രഹാമിനേയും അവന്റെ മടിയിൽ ലാസരിനേയും കണ്ടു; "അബ്രഹാം പിതാവേ, എന്നോട് കനിവുണ്ടാകേണമേ, ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ

നാവിനെ തണുപ്പിക്കേണ്ടതിന്ന് അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു'' എന്നു വിളിച്ചു പറഞ്ഞു. അബ്രഹാം, "മകനേ, നിന്റെ ആയുസിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നു ഓർക്ക. ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു; നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവേ വലിയോരു പിളർപ്പ് ഉണ്ടാക്കിയിരിക്കുന്നു. ഇവിടെ നിന്ന് നിങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇഛിക്കുന്നവർക്ക് കഴിവില്ല. അവിടെനിന്നു ഞങ്ങളുടെ അടുക്കൽ കടന്നുവരുവാനും പാടില്ല" എന്നു പറഞ്ഞു. അതിന്ന് അവൻ, എന്നാൽ പിതാവേ, "അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു - എനിക്ക് അഞ്ചു സഹോദരന്മാർ ഉണ്ട്. അവരും ഈ യാതനാസ്ഥലത്ത് വരാതിരിപ്പാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ" എന്നു പറഞ്ഞു. അബ്രഹാം അവനോട്, "അവർക്ക് മോശെയും പ്രവാചകന്മരും ഉണ്ടല്ലോ; അവരുടെ വാക്ക് അവർ കേൾക്കട്ടെ" എന്നു പറഞ്ഞു. അതിന്നു അവൻ, അല്ലല്ല, അബ്രഹാം പിതാവേ, മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റ് അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു. അവൻ അവനോട്, "അവർ മോശെയുടേയും പ്രവാചകന്മാരുടേയും വാക്ക് കേൾക്കാഞ്ഞാൽ മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു" (ലൂക്കൊസ് 16:19–31).

ഈ വേദഭാഗത്തുനിന്ന് പല പാഠങ്ങളും നമുക്ക് പഠിക്കുവാൻ കഴിയും,[3] എന്നാൽ ഇപ്പോൾ നാം പരിഗണിക്കുന്നത് ഏക ചോദ്യമാണ്: മരിച്ചവരുടെ അവസ്ഥയെ കുറിച്ച് ആ വേദഭാഗം എന്താണ് പഠിപ്പിക്കുന്നത്?

"എന്നാൽ," ചിലർ എതിർപ്പ് പ്രകടിപ്പിച്ചേക്കാം, "ഈ വാക്യങ്ങളിൽനിന്ന് അത്തരം ഒരു തീർപ്പ് എടുക്കാവുന്നതല്ല, കാരണം ഇത് ഒരു ഉപമ മാത്രമാണ്, അല്ലാതെ മരണശേഷമുള്ള ജീവിതത്തിന്റെ ഒരു ചിത്രം അതു നൽകുന്നില്ല." അത് ഒരു ഉപമയാണെങ്കിൽ, പൊതുവായ ഉപമകളുടെ മാതൃകയോട് അത് യോജിക്കുന്നില്ല.[4] ഉദാഹരണത്തിന്, യേശു ആ കഥയിലെ ഒരാളുടെ പേർ പറഞ്ഞിട്ടുണ്ട്: "ലാസർ." പക്ഷെ മറ്റു ഉപമകളിൽ, എനിക്ക് അറിയാവുന്നേടത്തോളം അങ്ങനെ പറഞ്ഞിട്ടില്ല. കൂടാതെ, ഉപമയുടെ അടിസ്ഥാന ഉദ്ദേശം, എല്ലാവർക്കും സുപരിചിതമായ ഒരു സംഭവത്താൽ ആത്മിയ പാഠം പഠിപ്പിക്കുക എന്നതായിരുന്നു. ശരാശരി ശ്രോതാക്കൾക്ക് മരിച്ചവരുടെ അവസ്ഥ അറിയാമോ എന്ന് ഞാൻ സംശയിക്കുന്നു. ഇത് ഒരു ഉപമയല്ല, വാസ്തവത്തിലു-ള്ള ഒരു ജീവിത കഥ എടുത്ത് യേശു തന്റെ സന്ദേശം എത്തിക്കുകയാണെന്ന് ലഭ്യമായ വസ്തുതകൾ തെളിയിക്കുന്നു.[5]

നേരെ മറിച്ച്, അത് ഒരു ഉപമയായി നാം കണക്കാക്കിയാലോ? അതിലെ സത്യങ്ങളെ സംബന്ധിച്ച് അല്പം വ്യത്യാസം വരും. "ഉപമ" എന്ന വാക്കിന്റെയർത്ഥം "കെട്ടുകഥ" എന്നല്ല. ഒരു ഉപമ വാസ്തവത്തിൽ-ജീവിതവുമായി-ബന്ധപ്പെടുന്ന ഒന്ന് ആത്മിയമായി പ്രയോഗിക്കാവുന്നതാണ്.[6] ലൂക്കൊസ് 16:19–31 ഉപമയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല - എന്നാൽ, അത് അങ്ങനെ ആണെങ്കിൽതന്നെ, ശരീരം വിട്ടുപോയ ആത്മാക്കളുടെ ശരിയായ അവസ്ഥയെ വിവരിക്കുന്നതാണ് അത്.

അതുകൊണ്ട്, ''മരിച്ചവർ എവിടെ?'' എന്ന ചോദ്യത്തിനുള്ള ദൈവ

ത്തിന്റെ ഉത്തരമായി ധനവാന്റേയും ലാസരിന്റേയും സംഭവം പ്രാഥമികമായി ഉപയോഗിക്കാമെന്ന്, എനിക്ക് ഉറപ്പുണ്ട്.[7] നാം വേദഭാഗം പരിശോധിക്കു മ്പോൾ നമുക്ക് പലതും തീർച്ചപ്പെടുത്തുവാൻ കഴിയും.

## മരിച്ചവർ എവിടെയോ ഉണ്ട് - അവർ ബോധവാന്മാരുമാണ്

"മരിച്ചവർ എവിടെ?" എന്ന ചോദ്യത്തിന് ഉത്തരമായി ചിലർ പറയും "ഒരിടത്തുമില്ല."[8] ഈ ജീവിതത്തിന് അപ്പുറമായി മറ്റൊരു ജീവിതമില്ല എന്നാണ് അവർ വിശ്വസിക്കുന്നത്. ഒരിടത്ത് ചെന്നവസാനിക്കുന്ന വൺ-വേ പോലെയാണ് ജീവിതം എന്നാണ് അവർ വിചാരിക്കുന്നത്. എങ്ങനെ യായാലും, ലൂക്കൊസ് 16 എന്തെങ്കിലും പഠിപ്പിക്കുന്നുണ്ടെങ്കിൽ, മനുഷ്യന് കല്ലറക്കപ്പുറം ഒരു ജീവിതം ഉണ്ടെന്നുതന്നെയാണ്.

ഈ ലോകത്തിനപ്പുറം, ഒരു ജീവിതം ഉണ്ടെന്ന് പറയുന്ന വേറെ ചിലർ പഠിപ്പിക്കുന്നത്, വ്യക്തികൾ മരിക്കുന്നതോടുകൂടി ഇല്ലാതാകും (അവർ ദൈവ *മനസിൽ* മാത്രം "നിലനിൽക്കും") - അവർക്ക് ഒരു ദിവസം ഒരു "ഉയർത്തെ ഴുന്നേല്പ്" ഉണ്ടാകും (വാസ്തവത്തിലുള്ള പുന-സൃഷ്ടി), ആ സമയത്ത് നീതിമാന്മാർക്ക് നിത്യത നൽകുകയും ദുഷ്ടരെ നശിപ്പിക്കയും ചെയ്യും. എന്നാൽ ധനവാനും ലാസരും മരിച്ചശേഷം ഇല്ലാതായില്ല. അവർ രണ്ടു പേരും ജീവനുള്ളവരും ബോധവാന്മാരുമായിരുന്നു.

മുകളിൽ പറഞ്ഞ രണ്ട് ഉപദേശങ്ങൾ പഠിപ്പിക്കുന്നവരോടുള്ള എന്റെ ചർച്ചയിൽ, ചിലപ്പോൾ "മരണം" എന്ന വാക്ക് പല ആവർത്തി ഉപയോഗി ച്ചിട്ടുണ്ട്. അവർ പറയും, "മരണശേഷം ആത്മാവ് ജീവിക്കുമെങ്കിൽ പിന്നെ മരണമേയില്ലല്ലൊ." "മരണം" എന്നത് നിർവ്വചിക്കുവാൻ ഞാൻ ആവശ്യ പ്പെടും. അവരുടെ മനസിൽ "മരണം" എന്നത് "അണഞ്ഞുപോകൽ" ആണ്. എനാൽ ആ നിർവ്വചനം താഴെ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളുമായി പൊരുത്തപ്പെടുന്നില്ല:

- *റോമർ 7:9.* പൗലൊസ് പറഞ്ഞു, "ഞാൻ ഒരു കാലത്ത് ന്യായപ്ര മാണം കൂടാതെ ജീവിച്ചിരുന്നു. എന്നാൽ കല്പന വന്നപ്പോൾ പാപം വീണ്ടും ജീവിക്കയും ഞാൻ മരിക്കയും ചെയ്തു" ആ സമയത്ത് അപ്പൊസ്തലൻ ഇല്ലാതായിരുന്നോ?
- *കൊലൊസ്യർ 3:3.* പൗലൊസ് എഴുതി, "നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു" അവന്റെ വായനക്കാർ അണഞ്ഞുപോയിരുന്നോ?
- *1 തിമൊഥെയോസ് 5:6.* അവൻ വീണ്ടും പറയുന്നു, "കാമുകിയായ വളോ ജീവിച്ചിരിക്കിലും ചത്തവൾ ആകുന്നു" അത്തരം സ്ത്രീ അണഞ്ഞുപോയിരുന്നില്ല.

"മരണം" എന്ന വാക്ക് കൊണ്ട് അടിസ്ഥാനപരമായി സൂചിപ്പിക്കുന്നത് "വേർപാട്"[9] എന്നാണ് - ഒരവസ്ഥയുടെ അല്ലെങ്കിൽ സ്ഥിതിയുടെ അവ സാനം - അല്ലാതെ അണഞ്ഞുപോകലല്ല.

ഒരു നിയമമായി, മുകളിൽ പറഞ്ഞ കാഴ്ച്ചപ്പാടുള്ളവർ മനുഷ്യനിൽ സോൾ അല്ലെങ്കിൽ സ്പിരിറ്റ് എന്നു വിളിക്കുന്ന ഒരു ഭാഗം നിത്യമാണ് എന്ന

കാര്യം നിഷേധിക്കുകയാണ്. "ഭൗതികജീവിതത്തിൽ നമുക്കുള്ളിലുള്ള ഒന്നാണ് ആത്മാവ്" എന്നാണ് അവർ പറയുന്നത്. ആത്മാവ് എന്നു പറയുന്നത് "ദൈവം നമുക്ക് നൽകിയിട്ടുള്ള ശ്വാസം" അല്ലാതെ മറ്റൊന്നുമല്ല. "സോൾ" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*സൂക്കേ*) സൂചിപ്പിക്കുന്നത്, ശ്വസിക്കുക, വികാരങ്ങളുടെ ഇരിപ്പിടം, അല്ലെങ്കിൽ ജീവനുള്ള വ്യക്തി എന്നെല്ലാമാണ്; ശരീരത്തിൽനിന്ന് വ്യത്യസ്തമായ "മരണത്താൽ ഇല്ലാതാവാത്ത അന്തസത്ത എന്നും അർത്ഥമുണ്ട്."[10] അതുപോലെ "സ്പിരിറ്റ്" എന്നതിന്റെ ഗ്രീക്ക് വാക്കിന് (*ന്യൂമാ*), കാറ്റ്, ശ്വാസം, അല്ലെങ്കിൽ ശരീരത്തെ സജീവമാക്കുന്ന മുഖ്യഭാഗം എന്നും അർത്ഥമുണ്ട്, കൂടാതെ, "ഒരു ആത്മാവ് ... ഒരു നിസാര സത്ത, എല്ലാറ്റിനേയും ശൂന്യമാക്കുന്ന, അല്ലെങ്കിൽ ചുരുങ്ങിയത് എല്ലാ മൊത്തത്തിലുള്ള കാര്യം അറിയുവാനും, ആഗ്രഹിക്കുവാനും, തീരുമാനിക്കുവാനും, പ്രവൃത്തിക്കുവാനും ഉള്ള ശക്തി ... ഉള്ള മനുഷ്യാത്മാവ് ശരീരം വിട്ടുപോകുന്നു."[11]

മനുഷ്യൻ രണ്ടു ഭാഗങ്ങളുള്ള ഒരു ജീവിയാണെന്ന് പല വേദഭാഗങ്ങളും പറയുന്നു, അതായത്, ശരീരം ഇല്ലാതാകുമ്പോൾ ആത്മാവ് നിലനിൽക്കുന്നു. ഇതാ ചില പ്രത്യേക വേദഭാഗങ്ങൾ:

> പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെ ചേരും; ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപോകും (സഭാപ്രസംഗി 12:7).

> "ഇന്നു നീ എന്നോടുകൂടെ പറുദീസയിലിരിക്കും" എന്ന് അവൻ [ക്രിസ്തു] [അനുതപിച്ച] കള്ളനോടു പറഞ്ഞു (ലൂക്കൊസ് 23:43).

> യേശു അത്യുച്ചത്തിൽ, "പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു" എന്ന് നിലവിളിച്ചു, ഇതു പറഞ്ഞിട്ടു പ്രാണനെ വിട്ടു (ലൂക്കൊസ് 23:46).

> "കർത്താവായ യേശുവേ എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ" എന്ന് സ്തെഫാനൊസ് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ കല്ലെറിഞ്ഞു (പ്രവൃത്തികൾ 7:59).

> അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ രക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു ....
>
> കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്ക് സ്വർഗത്തിൽ ഉണ്ടെന്ന് അറിയുന്നു. ഈ കൂടാരത്തിൽ ഞങ്ങൾ ഞരങ്ങിക്കൊണ്ട് നഗ്നരായിട്ടല്ല ഉടുപ്പുള്ളവരായിരിക്കുന്നു എങ്കിൽ, സ്വർഗീയമായ ഞങ്ങളുടെ പാർപ്പിടം അതിന്നു മീതെ ധരിപ്പാൻ വാഞ്ഛിക്കുന്നു. ഉരിവാനല്ല, മർത്യമായത് ജീവനാൽ നീങ്ങിപ്പോകേണ്ടതിന്ന് മീതെ ഉടുപ്പാൻ ഇഛിക്കയാൽ ഞങ്ങൾ ഈ കൂടാരത്തിൽ ഇരിക്കുമ്പോൾ ഭാരപ്പെട്ട് ഞരങ്ങുന്നു .... ആകയാൽ ഞങ്ങൾ എല്ലായ്പ്പോഴും ധൈര്യപ്പെട്ടും ശരീരത്തിൽ വസിക്കു

മ്പോഴൊക്കെയും കർത്താവിനോട് അകന്നു പരദേശികൾ ആകുന്നു എന്ന റിയുന്നു ... ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടു കൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു (2 കൊരിന്ത്യർ 4:16–5:8).

നമുക്ക് ആത്മാക്കൾ ലഭിക്കുന്നത് എവിടെനിന്നാണ്? ബൈബിൾ ദൈവത്തെ വിളിച്ചിരിക്കുന്നത് ''ആത്മാക്കളുടെ ദൈവം'' എന്നാണ് (എബ്രായർ 12:9). സെഖര്യാപ്രവാചകൻ പറഞ്ഞിരിക്കുന്നത് "യഹോവ ആത്മാവിനെ നമ്മുടെ ഉള്ളിൽ തരുന്നു" എന്നാണ് (സെഖര്യാവ് 12:1).

''മരിച്ചവർ എവിടെ?'' എന്ന ചോദ്യത്തിന് ആദ്യം നാം ''അവർ എവിടെയോ ഉണ്ട്, ബോധവാന്മാരുമാണ്''എന്നു കണ്ടു. എങ്ങനെയായാലും, വേദഭാഗത്ത്, അതിലും കൂടുതൽ പഠിക്കുവാനുണ്ട്.

## മരിച്ചവർ വീണ്ടും ശരീരത്തോടെ ഈ ഭൂമിയിൽ അവതരിക്കയില്ല

മരിച്ച ആത്മാക്കൾ പുതിയ ശരീരത്തോടെ ഈ ഭൂമിയിൽ മടങ്ങിവരുമെന്ന വിശ്വാസമാണ് പുനരവതാര ഉപദേശം. ചില പൗരസ്ത്യദേശക്കാരുടേയും ഹിന്ദുക്കളുടേയും അടിസ്ഥാനവിശ്വാസമാണ് അത്. അത്തരം വിശ്വാസമുള്ള രാജ്യക്കാർ കുറേക്കാലത്തേക്ക്, പശുക്കൾ, കുരങ്ങുകൾ, പാമ്പുകൾ എന്നിവയെ വിശുദ്ധമായി കണക്കാക്കിയിരുന്നു. തങ്ങളുടെ പൂർവ്വപിതാക്കൾ പുനരവതരിച്ചവയാണ് ആ മൃഗങ്ങൾ എന്നാണ് അവരുടെ വിശ്വാസം. പുനരവതാരത്തിന്റെ വേറൊരു ആശയം ചില യഹൂദന്മാർക്കുണ്ട് (മത്തായി 16:13, 14 നോക്കുക) – അത്തരം ആശയങ്ങൾക്ക് പാശ്ചാത്യലോകത്ത് സമയാസമയങ്ങളിൽ താൽപര്യം ജനിച്ചിട്ടുണ്ട്.

എങ്ങനെയായാലും, ലൂക്കൊസ് 16 ലെ ധനവാനും ലാസരും മരിച്ചശേഷം പുതിയ രൂപത്തിലൊ ശരീരത്തിലോ ഈ ഭൂമിയിൽ മടങ്ങി വന്നില്ല. അവർ അങ്ങനെ തന്നെയായിരുന്നു എന്നും, അവരുടെ അവസ്ഥ ഉറപ്പാക്കികഴിഞ്ഞിരിക്കുന്നു എന്നുമാണ് തിരുവെഴുത്ത് പഠിപ്പിക്കുന്നത്. വാക്യം 26 പറയുന്നു, ''അത്രയുമല്ല, ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയ പിളർപ്പ് ഉണ്ടാക്കിയിരിക്കുന്നു. ഇവിടെനിന്ന് നിങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇഛിക്കുന്നവർക്ക് കഴിവില്ല. അവിടെനിന്നു ഞങ്ങളുടെ അടുക്കൽ കടന്നു വരുവാനും പാടില്ല എന്നു പറഞ്ഞു." വാസ്തവത്തിൽ, അവർക്ക് ആർക്കും ഒരു വിധത്തിലും മടങ്ങി വരുവാൻ കഴിയുയില്ല എന്നാണ് അബ്രഹാം സൂചിപ്പിച്ചത്.

പുനരവതാരത്തിന്റെ സാങ്കല്പിക കഥകൾ പറഞ്ഞുകേൾക്കുമ്പോൾ എനിക്ക് ആവേശമുണ്ടാകാറില്ല. കാരണം എന്റെ ജീവിതത്തിന് ഒരു മാനദണ്ഡമുണ്ട്: ബൈബിൾ. പുതിയ ആശയങ്ങൾ ഇമ്പകരമായേക്കാം, എന്നാൽ അവരോട് പരിശോധിക്കുവാൻ ഞാൻ പറയുന്നത് ഇതാണ്: അത് എങ്ങനെ ബൈബിൾ ഉപദേശവുമായി പൊരുത്തപ്പെടുന്നു? ലളിതമായ സത്യം എന്തെന്നാൽ പുനരവതാര ഉപദേശം ബൈബിൾ പഠിപ്പിക്കുന്നില്ല. അടിസ്ഥാനപരമായ ചില ബൈബിൾ തത്വങ്ങൾ നോക്കുക:

- *സഭാപ്രസംഗി 3:2.* "മരിപ്പാൻ ഒരു [ഏകവചനം] കാലം."
- *എബ്രായർ 9:27. "... ഒരിക്കൽ മരണവും* പിന്നെ ന്യായവിധിയും

മനുഷ്യർക്ക് ദൈവം നിയമിച്ചിരിക്കുന്നു" (എംഫസിസ് മൈൻ).

- *സഭാപ്രസംഗി 12:7.* പിന്നെ വേറൊരു ശരീരവുമായി ഭൂമിയിലേക്കല്ല, "ആത്മാവ് അത് നൽകിയ ദൈവത്തിലേക്ക് മടങ്ങിപോകും" (എംഫസിസ് മൈൻ).
- *2 കൊരിന്ത്യർ 5:10.* "അവനവൻ ശരീരത്തിലിരിക്കുമ്പോൾ [ഏകവചനം] ചെയ്തത് നല്ലതാകിലും തിയതാകിലും അതിന്ന് തക്കവണ്ണം പ്രാപിക്കേണ്ടതിന്ന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു."

പുനരവതാരം എന്ന ഉപദേശം ബൈബിൾ പഠിപ്പിക്കുന്നില്ല. അതുകൊണ്ട്, അത് വിശ്വാസത്താൽ സ്വീകരിപ്പാൻ സാധ്യമല്ല (റോമർ 10:17 നോക്കുക). ആ ഉപദേശം തെറ്റാണെന്ന് ലൂക്കൊസ് 16 വ്യക്തമാക്കുന്നു.

## മരിച്ചവർ തങ്ങളുടെ അന്തിമ പ്രതിഫലത്തിന് നേരിട്ട് പോയിട്ടില്ല

ആളുകൾ മരിക്കുമ്പോൾ, നേരെ ഒന്നുകിൽ സ്വർഗത്തിലേക്കോ, അല്ലെങ്കിൽ നരകത്തിലേക്കോ പോകും എന്നാണ് ചിലർ വിശ്വസിക്കുന്നത്. ധനവാനും ലാസരും അന്തിമസ്ഥാനത്ത് എത്തിയിരുന്നില്ല (നമ്മുടെ പാഠത്തിൽ നാം കാണുവാൻ പോകുന്നതുപോലെ).[12]

മരിച്ച ഉടനെ ആളുകൾ തങ്ങളുടെ അന്തിമ പ്രതിഫലത്തിനായി പോകുമെങ്കിൽ, വലിയൊരളവിൽ, ന്യായവിധി നാളിനെ കുറിച്ചുള്ള ബൈബിൾ ഉപദേശം അസാധുവായിതീരും. നന്മ ചെയ്തവരേയും, തിന്മചെയ്തവരേയും ന്യായം വിധിക്കുന്ന ഒരു ദിവസം ഉണ്ട് എന്ന് ബൈബിൾ ഊന്നിപ്പറയുന്നു (മത്തായി 25:31, 32; യോഹന്നാൻ 16:8; പ്രവൃത്തികൾ 17:31; എബ്രായർ 6:2; 9:27; പ്രവൃത്തികൾ 24:25 നോക്കുക). ആ ന്യായവിധയിൽ ക്രിസ്തുവിന്റെ വരവിന് മുമ്പ് വരെ മരിച്ചവരും ഉൾപ്പെടും (മത്തായി 12:41, 42). പത്രൊസ് എഴുതി, "കർത്താവ് ഭക്തന്മാരെ പരീക്ഷയിൽനിന്ന് വിടുവിപ്പാനും ... നീതികെട്ടവരെ [മരിച്ച നീതികെട്ടവർ] ന്യായവിധിദിവസത്തിനായി കാപ്പാനും അറിയുന്നുവല്ലൊ" (2 പത്രൊസ് 2:9). കർത്താവ് വീണ്ടും വരുമ്പോൾ സംഭവിക്കുന്നതാണ് ബൈബിളിലുള്ള ന്യായവിധി. ആ സമയത്ത് മരിച്ചവരും ജീവനോടെയിരിക്കുന്നവരും കർത്താവിന്റെ മുമ്പിൽ നിൽക്കേണ്ടിവരും. ചുരുക്കത്തിൽ, മരിച്ചുകഴിഞ്ഞാൽ നേരെ സ്വർഗത്തിലേക്കും നരകത്തിലേക്കും അയച്ചിട്ട് ന്യായവിധി ദിവസത്തിനായി കൊണ്ടുവരികയും ന്യായവിധിക്ക് ശേഷം അതാതു സ്ഥാനങ്ങളിലേക്ക് മടക്കി അടക്കുകയും ചെയ്യുന്നതു അസംഭവ്യമാണെന്ന് തോന്നുന്നു.[13]

നീതിമാന്മാർ മിച്ച ഉടനെ അവരുടെ പ്രതിഫലത്തിലേക്ക് പോകുന്നതായി തിരുവെഴുത്തു പറയുന്നതായി തോന്നുമെന്നതു ശരിയാണ്:പൗലൊസ് കൊരിന്ത്യരോട് പറഞ്ഞു, "ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ട് കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു" (2 കൊരിന്ത്യർ 5:8). വീണ്ടും അപ്പൊസ്തലൻ ഫിലിപ്പിയർക്ക് എഴുതി, "വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട് അത് അത്യുത്തമമല്ലൊ" (ഫിലിപ്പിയർ 1:23). എങ്ങനെയായാലും, മരിച്ചവർ ഉടനെ തന്നെ തങ്ങളുടെ അന്തിമസ്ഥാനത്തേക്ക് പോകുമെന്ന് ആ വാക്യങ്ങൾ പഠിപ്പിക്കുന്നില്ല എന്നും,

മരണം ഒരുങ്ങിയിരിക്കുന്നവർക്ക് വിജയം ആണെന്നുമാണ് അവ പഠിപ്പിക്കുന്നതെന്നും പറഞ്ഞുകൊള്ളട്ടെ. വേർപെട്ടുപോയ നീതിമാന്മാരുടെ ആത്മാക്കൾ "ക്രിസ്തുവിനോടുകൂടെ" അവന്റെ സ്നേഹത്തിലും ആണെന്നുള്ള സൂചന, നേരിട്ട് അവർ സ്വർഗത്തിലേക്ക് പോകുന്നു എന്നല്ല.[14]

കൂടാതെ ഞാൻ പറയട്ടെ, പൗലൊസ് മരിച്ചപ്പോൾ, അവൻ "കർത്താവിനോടുകൂടെ ആയി," എന്നാൽ അവന് സ്വർഗത്തിൽ കിരീടം ലഭിച്ചിട്ടില്ല. മറ്റുള്ളവരോട് സ്നേഹം പ്രകടിപ്പിക്കുന്നവർക്ക് (ലൂക്കൊസ് 14:12, 13) പ്രതിഫലം ലഭിക്കും എന്ന് യേശു പഠിപ്പിച്ചിട്ടുണ്ട് (ലൂക്കൊസ് 14:14), മരിച്ച ഉടനെ അല്ലെന്ന് മാത്രം. "ഞാൻ പോയി സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന്ന് പിന്നെയും വന്ന് നിങ്ങളെ ചേർത്തുകൊള്ളും" എന്നു യേശു പറഞ്ഞതു തന്റെ രണ്ടാം വരവിനെ കുറിച്ചാണെന്ന് മിക്ക പണ്ഡിതന്മാരും വിശ്വസിക്കുന്നു (യോഹന്നാൻ 14:3). നീതിയുടെ കിരീടത്തെ കുറിച്ച് പൗലൊസ് എഴുതി, "ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. [അതു] നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും" (2 തിമോഥെയോസ് 4:8). ക്രിസ്തുവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നവർക്ക് അതേ കിരീടം "അതേ ദിവസം" തന്നെയാണ് ലഭിക്കുന്നത്. സന്ദർഭത്തിൽ പറയുന്നത്, ന്യായവിധി ദിവസത്തെ കുറിച്ചാണ്.


ലൂക്കൊസ് 16 ലെ കഥയിലെ നിഷേധ ഭാഗമാണ്, ഇതുവരെ ഞാൻ സ്വീകരിച്ച സമീപനം. മരിച്ചവരുടെ ആത്മാക്കൾ പുതിയ രൂപത്തിലോ ശരീരത്തിലോ വീണ്ടും ഭൂമിയിൽ വരുമെന്നതും, മരിച്ചവർ പിന്നെ ഒരിടത്തുമില്ല എന്നതും, അവർ സ്വർഗത്തിലേക്കും നരകത്തിലേക്കും പോയി കഴിഞ്ഞു എന്നിങ്ങനെയുള്ള വിശ്വാസങ്ങളെ നാം തള്ളിക്കളഞ്ഞു. ചോദ്യം വീണ്ടും അവശേഷിക്കുന്നു: "മരിച്ചവർ, പിന്നെ, എവിടെ?" നമുക്ക് ലൂക്കൊസ് 16നെ കൂടുതൽ ക്രിയാത്മകമായി നോക്കാം.

## മരിച്ചവർ ന്യായവിധിക്കായി ഇടക്കുള്ള സ്ഥാനത്ത് കാത്തു കിടക്കുന്നു

ലൂക്കൊസ് 16-ൽ വിവരിച്ചിട്ടുള്ള പാതാള ലോകത്തെ സുവിശേഷ പ്രാസംഗികർ, വർഷങ്ങളായി ദൃശ്യവൽക്കരിക്കുവാൻ ഡയഗ്രം വരച്ചുവരുന്നുണ്ട്. അത്തരം ഡയഗ്രമിന് നിർമ്മിത-ബലഹീനതയുണ്ട്, കാരണം, പാതാളലോകം ഭൂമിശാസ്ത്രപരമായ സ്ഥാനമാണെന്ന പ്രതീതി വരുത്തും, അതു തെറ്റാണ്. പാതാളം എന്നതു ഒരു സ്ഥലമല്ല, അവസ്ഥയാണ്. എന്നിരുന്നാലും, ആ കഥയിലെ വ്യത്യസ്തമായ അവസ്ഥയെ എങ്ങനെ ഫലപ്രദമായി കാണിക്കാമെന്ന് എനിക്ക് അറിയില്ല. അതുകൊണ്ട്, ലൂക്കൊസ് 16-ൽ കാണുന്ന സ്ഥാനങ്ങൾ കാണിക്കുന്ന ഒരു ഡയഗ്രം ഉപയോഗിക്കട്ടെ. "പാതാളം" എന്ന ഡയഗ്രം നോക്കുക (അദൃശ്യലോകം).

ഡയഗ്രത്തിലെ വിവിധ ഭാഗങ്ങൾ നോക്കുക. ആദ്യം, മുകളിൽ കൊടുത്തിരിക്കുന്ന തലവാചകം നോക്കുക: "പാതാളം (അദൃശ്യലോകം)." ധനവാൻ പാതാളത്തിൽ, "മുകളിലേക്ക് നോക്കി" (ലൂക്കൊസ് 16:23). മരിച്ചവരുടെ സ്ഥാനത്തെ "പാതാളം" എന്നാണ് ബൈബിൾ പറയുന്നത്. പഴയനിയമത്തിലെ *ഷിയോൾ* എന്ന വാക്കിന് പുതിയനിയമത്തിൽ യോജിക്കുന്ന ഗ്രീക്ക് വാക്കാണ് *ഹേഡസ്*.[15] ഹേഡസ് എന്ന വാക്കിന്റെ അടിസ്ഥാനപര

പാതാളം
(അദൃശ്യലോകം)




മായ അർത്ഥം "അദൃശ്യമായ" എന്നാണ്, സൂചിപ്പിക്കുന്നത്, മരിച്ചവരുടെ "അദൃശ്യ [ലോകത്തെ] യാണ്." ലൂക്കൊസ് 16-ൽ ഉപയോഗിച്ച വാക്ക് തേയർ നിർവ്വചിച്ചിട്ടുണ്ട്: "ശരീരം വിട്ട ആത്മാക്കളുടെ പൊതുവായ അവസ്ഥ."[17] ഇന്ന്, "പാതാളം" എന്ന വാക്ക് "നരകം" എന്നതിനെ മൃദുക്തമാക്കിയാണ് പലപ്പോഴും ഉപയോഗിച്ചുവരുന്നത്,[18] എന്നാൽ നരകം (*ഗെഹന്നാ*) ദുഷ്ടരായി മരിച്ചവരുടെ നിത്യമായ സ്ഥാനമാണ്. പക്ഷെ (നാം കാണുവാൻ പോകുന്നതുപോലെ) പാതാളം എന്നതു നന്മചെയ്തവരും തിന്മ ചെയ്തവരുമായ എല്ലാ മരിച്ചവരുടേയും ഇടക്കുള്ള സ്ഥാനമാണ്.

വീണ്ടും ഡയഗ്രം നോക്കുക. പാതാളലോകത്തിൽ വേറിട്ട രണ്ടു ഭാഗങ്ങൾ ഉള്ളത് ശ്രദ്ധിക്കുക. അവയിൽ ഒരു ഭാഗത്ത് ധനവാനും ലാസർ മറു ഭാഗത്തുമായിരുന്നു. ആ രണ്ടു ഭാഗങ്ങൾക്കുമിടയിൽ ഒരു "വലിയ പിളർപ്പ്" ഉണ്ടാക്കിയിരിക്കുന്നതു ശ്രദ്ധിക്കുക.[19] ധനവാന്റെ അവസ്ഥയിൽ തുടങ്ങി ഓരോന്നും നമുക്ക് വളരെ വിശദമായി പരിഗണിക്കാം. "പാതാളത്തിൽ *യാതന അനുഭവിക്കുമ്പോൾ*, മേലോട്ട് നോക്കി" (ലൂക്കൊസ് 16:23; എംഫസിസ് മൈൻ). ധനവാന്റെ അവസ്ഥയെ ഞാൻ "യാതന," എന്നു പറഞ്ഞിരിക്കുന്നു.

"ടോർമെന്റ്" എന്ന വാക്കിനടിയിൽ "അല്ലെങ്കിൽ ടാർടാറസ്" എന്ന് കാണാം. ആ വാക്ക് 2 പത്രോസ് 2:4 ൽനിന്നു വന്നതാണ്, അത് ധനവാൻ ആയിരുന്ന അവസ്ഥ തന്നെയോ, അല്ലെങ്കിൽ അതുപോലെയുള്ള അവസ്ഥയെയോ സൂചിപ്പിക്കുന്നു: "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസിന്റെ ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും ചെയ്തു." നിത്യശിക്ഷ എന്നർത്ഥമുള്ള ഗെഹെന്നാ എന്ന വാക്കല്ല 2 പത്രൊസ് 2:4-ൽ "നരകം" എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്ന

ത്, മറിച്ച് ഗ്രീക്ക് വാക്കിന്റെ മറ്റൊരു രൂപമായ ടാർട്ടാറസ് എന്ന വാക്കാണ്.[20] ദുഷ്ടരായി മരിച്ചവരുടെ ആത്മാക്കളെ "യാതന അനുഭവിക്കുവാൻ പാതാളത്തിലെ ഒരു ഭാഗത്താക്കുന്നതിനു" ഗ്രീക്കുകാർ ഉപയോഗിച്ച വാക്കാണ് ടാർട്ടാറസ്.[21] അനുസരണം കെട്ട ദൂതന്മാരെ "ന്യായവിധിക്കായി തുറുങ്കിലടച്ചിരിക്കുന്നു" എന്നാണ് എൻഐവി പറയുന്നത്. "ന്യായവിധി" നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധിക്കുക, അതുകൊണ്ട് അതു ന്യായവിധിക്കു മുൻപു ഇടക്കുള്ള ഒരു സ്ഥാനമാണ്. സാഹചര്യം, ധനവാൻ യാതന അനുഭവിക്കുന്നതുപോലെയോ അല്ലെങ്കിൽ അതുതന്നെയോ ആകാം.

ഇനി നമുക്ക് ലാസറിന്റെ അവസ്ഥ നോക്കാം: അവന്റെ അവസ്ഥയെ ഞാൻ "അബ്രഹാമിന്റെ മടി" എന്നു വിളിച്ചിരിക്കുന്നു. കാരണം ധനവാൻ "ദൂരത്ത് അബ്രഹാമിനേയും അവന്റെ മടിയിൽ ലാസരിനേയും കണ്ടു" (ലൂക്കൊസ് 16:23). "ഒരാളുടെ മടിയിലിരിക്കുന്നത്" കൂട്ടായ്മക്കും ആശയവിനിമയത്തിനും ഏറ്റവും നല്ല ഒരു ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്.[22] ലാസർ വാസ്തവത്തിൽ സന്തോഷവും സമാധാനവും അനുഭവിക്കയായിരുന്നു. അത്തരം ഒരു അവസ്ഥയിലാണ് നീതിമാന്മാർ ന്യായവിധിക്കായി കാത്തിരിക്കുന്നത്.

"അബ്രഹാമിന്റെ മടിയിൽ" എന്ന വാക്കിനടിയിൽ ഞാൻ അല്ലെങ്കിൽ "പറുദീസ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ആ വാക്ക് യേശു പാതാളലോകത്തിലേക്ക് പോകുന്നതിനെ കുറിച്ച് സംസാരിച്ചപ്പോൾ സൂചിപ്പിച്ചതിൽനിന്ന് ലഭിച്ചതാണ്. ക്രൂശിൽവെച്ച്, അവൻ കള്ളനോട് പറഞ്ഞു, "... ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" (ലൂക്കൊസ് 23:43). "പറുദീസ" എന്നതു പാർസി വാക്കാണ്, അർത്ഥം "സുഖമുള്ള സ്ഥലം അല്ലെങ്കിൽ സുഖകരമായ തോട്ടം" എന്നാണ്.[23] സ്വർഗം എന്ന അർത്ഥത്തിലും ബൈബിളിൽ ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (വെളിപ്പാട് 2:7 നോക്കുക) - എന്നാൽ ആ  അർത്ഥത്തിലല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. കാരണം അവന്റെ പറുദീസയിലെ ചുരുങ്ങിയ സമയശേഷം അവൻ പറഞ്ഞു, "ഞാൻ പിതാവിന്റെ അടുക്കലേക്ക് കയറിപോയിട്ടില്ല" (യോഹന്നാൻ 20:17). പെന്തെകൊസ്തുനാളിലെ പത്രൊസിന്റെ പ്രസംഗത്തിൽ, യേശുവിന്റെ ശരീരം കല്ലറയിലായിരുന്നപ്പോൾ, ആത്മാവ് പാതാളത്തിലായിരുന്നു എന്ന് പറയുകയുണ്ടായി (പ്രവൃത്തികൾ 2:31).[24] ലൂക്കൊസ് 23:43 ഉം പ്രവൃത്തികൾ 2:31 ഉം ഒരുമിച്ച് വെച്ചാൽ, യേശുവിന്റെ ആത്മാവ് പാതാളലോകത്തിലെ ഒരു ഭാഗമായ "പറുദീസ" യിലായിരുന്നു എന്ന് നമുക്ക് തീർച്ചയാക്കാം. ഈ "പറുദീസ" തന്നെയാണ് "അബ്രഹാമിന്റെ മടി" എന്നു പറഞ്ഞിരിക്കുന്നത് എന്ന് യുക്തിസഹജമായി കരുതാം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ആ രണ്ട് പദപ്രയോഗങ്ങളും പറയുന്നത് മരിച്ച നീതിമാന്മാരുടെ അവസ്ഥയെയാണ് സൂചിപ്പിക്കുന്നത് - ന്യായവിധിക്കായി അവർ കാത്തിരിക്കുന്ന സ്ഥലം, എന്നാൽ അവിടെ സമാധാനവും, സന്തോഷവും, ഭദ്രതയും നിറഞ്ഞിരിക്കുന്ന സ്ഥാനമാണ് അത്.

ഒന്നുകിൽ സമാധാനത്തിന്റേയും ഭദ്രതയുടേയും മറ്റൊന്ന് ഭയത്തിന്റേയും വേദനയുടേയും - ഈ രണ്ടിൽ ഏതെങ്കിലും ഒരവസ്ഥയിലായിരിക്കും മനുഷ്യൻ മരിച്ചശേഷം ന്യായവിധിക്കായി കാത്തിരിക്കുന്നത് എന്ന് മനസിലാക്കുമ്പോൾ, ഒരു ചോദ്യം ഉയരാം: "നീതിമാന്മാർ സുഖം അനുഭവിക്കയും ദുഷ്ടന്മാർ യാതന അനുഭവിക്കയും ചെയ്തുകൊണ്ടിരിക്കെകൊണ്ട് പിന്നെ

ന്യായവിധിയുടെ ഉദ്ദേശം എന്താണ്?”[25] ഗർഭപാത്രത്തിൽ കിടക്കുന്ന രണ്ടു ശിശുക്കൾ അതിനു പുറത്തുള്ള ജീവിതം എങ്ങനെയായിരിക്കുമെന്ന് ചിന്തിക്കുന്നതുപോലെ ആയിരിക്കും നമ്മുടെ മരണാന്തരജീവിതത്തെ കുറിച്ച് നാം ചിന്തിക്കുന്നത് എന്ന് ഞാൻ സമ്മതിക്കുന്നു. പലപ്പോഴും നമ്മുടെ അജ്ഞത വെളിപ്പെടുത്തുന്നതാണ് നമ്മുടെ ഉത്തരങ്ങൾ. എങ്ങനെയയാലും ആ ചോദ്യത്തെ കുറിച്ച് ചില പരാമർശങ്ങൾ നടത്തുന്നത് ഉചിതമായിരിക്കും. ന്യായവിധി ദിവസം കുറ്റവും നിരപരാധിത്വവും തീരുമാനിക്കുകയല്ല, മറിച്ച് തീർപ്പ് കല്പിക്കുകയായിരിക്കും ചെയ്യുക എന്നതായിരിക്കും ഒരു ഉത്തരം – അന്ന് ദൈവത്തിന്റെ നീതിയും കരുണയും പൂർണ്ണമായി പ്രദർശിപ്പിക്കും.

എങ്ങനെയായാലും, അന്തിമമായ ഉത്തരം, നാം “യാതന” എന്നും “അബ്രഹാമിന്റെ മടി” എന്നും പറയുമ്പോൾ, അവ സ്ഥലമല്ല, മറിച്ച്, ആയിരിക്കുന്ന അവസ്ഥയാണെന്ന് മനസിലാക്കുന്നതിലാകും കിടക്കുന്നത്. അനീതി ചെയ്ത ആത്മാവ് *എവിടെയായിരുന്നാലും*, ന്യായവിധിനാളിൽ അവൻ കുറവുള്ളവനാകും എന്ന അറിവ് കാത്തിരിക്കുമ്പോൾ അവന് ദുഃഖപൂരിതമായിരിക്കും. നീതിമാന്റെ ആത്മാവ് എവിടെയായിരുന്നാലും, ന്യായവിധിനാളിൽ അവനോട്, “നന്ന്, ... നല്ലവനും വിശ്വസ്ഥനുമായ ദാസനേ” എന്നു വിളിക്കുമെന്നറിയുന്നത് (മത്തായി 25:21, 23; കെജെവി) കാത്തിരിക്കുമ്പോൾ അവനെ സന്തോഷവാനാക്കും.

താഴെ കൊടുത്തിരിക്കുന്ന ചിത്രീകരണം ചിലപ്പോൾ സഹായകരമായേക്കാം. നിങ്ങൾ ഭയങ്കരമായ കുറ്റം ചെയ്ത്, *സംശയരഹിതമായി*, വിചാരണ നേരിട്ട്, ശരിയായ വിധിയുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരിക്കുന്നു എന്ന് വിചാരിക്കുക. നിങ്ങൾ നിരപരാധി ആണെങ്കിൽ, നിങ്ങൾ പൂർണ്ണമായും മോചിക്കപ്പെടും, ആ ധൈര്യത്തോടെ നിങ്ങൾക്ക് സന്തോഷത്തോടെയും സമാധാനത്തോടെയും വിചാരണ നേരിടാം. എങ്ങനെയായാലും, നിങ്ങൾ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, വരുവാനിരിക്കുന്ന ശിക്ഷയെ ഓർത്ത് ഭയപ്പാടോടെ കാത്തിരിക്കേണ്ടി വരും. ചിത്രീകരണം തികഞ്ഞ വസ്തുതയിൽനിന്ന് വളരെ ദൂരെയായിരിക്കും, എന്നാൽ ന്യായവിധിക്കു മുൻപുള്ള രണ്ടു മാനസികാവസ്ഥയെ മനസിലാക്കുവാൻ അതു സഹായിക്കും.

എന്റെ ഡയഗ്രം നോക്കി ആരെങ്കിലും ചോദിച്ചേക്കാം, “ഇതു ശുദ്ധീകരണസ്ഥലമെന്ന ആശയം പോലെ അല്ലേ?” തീർച്ചയായും അല്ല, ശുദ്ധീകരണസ്ഥലമെന്ന ആശയം മൊത്തത്തിൽ ബൈബിളിനു അന്യമാണ്. ആ വാക്ക് തന്നെ തിരുവെഴുത്തിലില്ല.[26] കഷ്ടതയുടെസ്ഥാനത്ത്നിന്ന് (ശുദ്ധീകരണസ്ഥാനം) സ്വർഗത്തിലേക്ക് (അനുഗ്രഹിക്കപ്പെട്ട സ്ഥാനം) മരണശേഷം പോകുവാനുള്ള അവസരം ഉണ്ട് എന്ന ആശയമാണ് അതിൽ അന്തർലീനമാക്കിയിരിക്കുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആ ഉപദേശപ്രകാരം മരിച്ചശേഷം മനുഷ്യനു രണ്ടാമതൊരു അവസരമുണ്ട് എന്നതാണ്. വീണ്ടും ഡയഗ്രം നോക്കിയാൽ ഒരു “വലിയ പിളർപ്പ്” അടയാളപ്പെടുത്തിയിരിക്കുന്നതു കാണാം. അബ്രഹാം ധനവാനോടു പറഞ്ഞു, “നിങ്ങൾക്കും ഞങ്ങൾക്കും തമ്മിൽ വലിയോരു *പിളർപ്പ്* ഉണ്ടാക്കിയിരിക്കുന്നു, ഇവിടെ നിന്ന് ആർക്കെങ്കിലും അങ്ങോട്ടോ, അവിടെനിന്ന് ആർക്കെങ്കിലും ഇങ്ങോട്ടോ *വരുവാൻ* കഴിയുകയില്ല” (ലൂക്കൊസ് 16:26; എംഫസിസ് മൈൻ). മരണശേഷം “രണ്ടാമത് ഒരവസരം” ഇല്ല എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്:

- *വെളിപ്പാട് 2:10.* ഒരാൾ "*മരണപര്യന്തം* വിശ്വസ്തനായിരുന്നാൽ" കർത്താവ് "ജീവകിരീടം നൽകും" (എംഫസിസ് മൈൻ).
- *2 കൊരിന്ത്യർ 5:10.* "നാം *ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്ത*തു നല്ലതാകിലും തിയതാകിലും അതിന്ന് തക്കവണ്ണം പ്രാപിക്കേണ്ടതിന്ന് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുൻപാകെ നില്ക്കേണ്ടിവരും" (എംഫസിസ് മൈൻ) – അല്ലാതെ ശരീരം വിട്ടശേഷം മറ്റാരെങ്കിലുംഅവനു വേണ്ടി ചെയ്യുന്നതനുസരിച്ചല്ല.
- *യോഹന്നാൻ 8:21.* ഒരാൾ തന്റെ പാപത്തിൽ മരിക്കുകയാണെങ്കിൽ അവന് ക്രിസ്തുവിനോടുകൂടെ ആയിരിപ്പാൻ സാധ്യമല്ല.

## ഉപസംഹാരം

"മരിച്ചവർ എവിടെ?" എന്ന ചോദ്യത്തിനുള്ള ബൈബിൾ ഉത്തരമെന്ന് ഞാൻ വിശ്വസിക്കുന്നത് നിങ്ങൾക്ക് പകർന്നു തരുവാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. ഇതെല്ലാമാണ് ദൈവം നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നത്. നാം അതിൽ തൃപ്തിയടയണം. ഞാൻ ഇത് അവസാനിപ്പിക്കുമ്പോൾ, ഈ ചോദ്യം കൂടുതൽ പ്രായോഗികവും കൂടുതൽ വ്യക്തിപരവുമാക്കട്ടെ: അടുത്ത അഞ്ചു മിനിറ്റിനുള്ളിൽ മരിക്കുകയാണെങ്കിൽ നിങ്ങൾ എവിടെയായിരിക്കും? നിങ്ങൾ വാസ്തവത്തിൽ ചിന്തിക്കേണ്ടത് അതാണ്.

ക്രിസ്തു നമ്മോട് അവനിൽ വിശ്വസിക്കുവാനും (യോഹന്നാൻ 8:24), മാനസാന്തരപ്പെടുവാനും (ലൂക്കൊസ് 13:3), അവനിലുള്ള വിശ്വാസം ഏറ്റു പറയുവാനും (മത്തായി 10:32), പാപമോചനത്തിനായി വെള്ളത്തിൽ സ്നാനമേല്ക്കുവാനും (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; റോമർ 6:3–6) ആവശ്യപ്പെടുന്നു. പിന്നെ നമ്മുടെ ശേഷിച്ച കാലയളവ് മുഴുവൻ ഓരോ ദിവസവും അവനോടുകൂടെ നടക്കണം (വെളിപ്പാട് 2:10). നിങ്ങൾ ഇവയെല്ലാം ചെയ്തിട്ടുണ്ടോ? വിശ്വാസവും അനുസരണവുമുള്ള ജീവിതമാണോ നിങ്ങൾ നയിക്കുന്നത്? നിങ്ങളുടെ ഉത്തരം "അല്ല" എന്നാണെങ്കിൽ ഇന്നു തന്നെ നിങ്ങൾ അനുസരിക്കുവാൻ തയ്യാറാകും എന്നാണെന്റെ പ്രാർത്ഥന. അതിനേക്കാൾ പ്രാധാന്യം മറ്റൊന്നിനുമില്ല!

## പ്രസംഗക്കുറിപ്പുകൾ

ഈ പ്രസംഗത്തിൽ ആരംഭത്തിലെ ചിന്ത ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു. എനിക്ക് ഓർമ്മ ഉള്ളേടത്തോളം, വിശ്വസ്തരായ സുവിശേഷ പ്രാസംഗികർ, വിവധ രീതികളിൽ ഇതു പ്രസംഗിച്ചിട്ടുണ്ട്. എന്റെ വിഭവങ്ങൾ എവിടെനിന്നെല്ലാമാണെന്ന് എനിക്ക് ഓർമ്മിക്കുവാൻ കഴിയാത്തതുകൊണ്ട്, ഇതിനെ കുറിച്ച് എഴുതിയിട്ടുള്ളതും പ്രസംഗിച്ചിട്ടുള്ളതുമായ എല്ലാവർക്കും ഞാൻ "നന്ദി" പ്രകടിപ്പിക്കുന്നു.

അടുത്ത സമയം വരെ, ഈ പ്രസംഗത്തിന്റെ അവസാനഭാഗത്ത് തീർത്തു പറയുന്നതിനോടു ചിലർ വിയോജിച്ചിരുന്നു എന്ന് ഞാൻ അറിഞ്ഞിരുന്നില്ല. യേശു – മരിച്ച്, അടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റതുകൊണ്ട്, മരിച്ച നീതിമാന്മാരുടെ ആത്മാക്കൾ നേരിട്ടു – സ്വർഗത്തിലേക്ക് പോകുമെന്നാണ് അവർ വിശ്വസിക്കുന്നത്. അതിനെയെല്ലാം മാനിച്ചുകൊണ്ട്, അനുബന്ധഭാഗമായി "മരിച്ച നീതിമാന്മാർ നേരിട്ട് സ്വർഗത്തിലേക്ക് പോകുമോ?" എന്നത്

ഉൾപ്പെടുത്തിയിട്ടുണ്ട്. ലൂക്കൊസ് 16:19-31 ഇന്ന് സത്യമാണെന്ന് വിശ്വസിക്കുന്നവർ ഈ വിലയേറിയ പേജുകൾ പാഴാക്കി എന്നു വിചാരിച്ചേക്കാം. ഈ വേദഭാഗം ഇന്ന് പ്രായോഗികമല്ല എന്ന് വിചാരിക്കുന്നവർ, അവരുടെ വാദഗതികൾക്ക് ഞാൻ മതിയായ വിധത്തിൽ ഉത്തരം നൽകിയിട്ടില്ല എന്നു പറഞ്ഞേക്കാം. പിലാത്തൊസിന്റെ വാക്കുകൾ കടമെടുത്ത് പറയട്ടെ, "ഞാൻ എഴുതിയത് എഴുതി" (യോഹന്നാൻ 19:22).

പല പ്രസംഗ സാഹചര്യത്തിനും ഇതു ദീർഘമായതാണെങ്കിലും, വിശുദ്ധീകരണസ്ഥലം ഒഴിവാക്കി ചെറുതാക്കാവുന്നതാണ്. ഇതിനെ രണ്ടു-ഭാഗമുള്ള പ്രസംഗമായിട്ടോ അല്ലെങ്കിൽ ഒരു ക്ലാസിൽ പഠിപ്പിക്കത്തക്കവണ്ണമോ ഉപയോഗിക്കാം.

---

കുറിപ്പുകൾ

[1]ചിലർ എബ്രായർ 12:1 എടുത്ത് നമുക്ക് ചുറ്റും മരിച്ചവരുടെ ആത്മാക്കൾ ആണ് എന്ന് പറയാറുണ്ട്. മടുത്ത് കൂടാത്തതാണ് ക്രിസ്തീയ ജീവിതം എന്ന് ഒരു ദൃഷ്ടാന്തമായിട്ടാണ് എബ്രായർ 12:1-4 പറയുന്നത്. ഒരു ചിത്രീകരണത്തിലെ വിശദാംശങ്ങളെടുത്ത് ഉപദേശപരമായി പഠിപ്പിക്കുവാൻ ശ്രമിക്കരുത്. [2]ലൂക്കൊസ് 16 ലെ ലാസരല്ല യേശുവിന്റെ സ്നേഹിതനായ ബേഥാന്യയിൽ താമസിച്ചിരുന്ന ലാസർ (യോഹന്നാൻ 11). [3]*ക്രിസ്തുവിന്റെ ജീവിതം, 2* ലുള്ള "നരകത്തിൽ നിന്നുള്ള ഒരു കത്ത്" എന്ന പാഠം നോക്കുക. [4]*ക്രിസ്തുവിന്റെ ജീവിതം,* 2 ലെ "എന്നോട് ഒരു കഥ പറയുക" എന്ന പാഠത്തിലെ ലൂക്കൊസ് 16:19-31 "ഉപമ" ആയാലും അല്ലെങ്കിലും എന്ന ചർച്ച നോക്കുക. [5]യേശുവിന്റെ പോയിന്റ് മനസിലാക്കുവാൻ, *ക്രിസ്തുവിന്റെ ജീവിതം, 2* ലെ "എന്നോട് ഒരു കഥ പറയുക" എന്ന പാഠത്തിലെ ആ സന്ദർഭത്തിലെ പരാമർശങ്ങൾ നോക്കുക. [6]"ഉപമ" യെ കുറിച്ച് കൂടുതൽ അറിയുവാൻ *ക്രിസ്തുവിന്റെ ജീവിതം, 2* ലെ "അവൻ പലതും ... ഉപമകളായി അവരോട് സംസാരിച്ചു" എന്ന പാഠം നോക്കുക. [7]ലൂക്കൊസ് 16 കൃത്യമായും പറയുന്നത് യേശുവിന്റെ മരണത്തിന് മുൻപാണ്, *ശേഷമല്ല* എന്നു പറയുന്നവരുണ്ട്. ആ സാഹചര്യം അറിയുവാൻ "മരിച്ച നീതിമാന്മാർ നേരിട്ട് സ്വർഗത്തിലേക്ക് പോകുമോ" എന്നതു നോക്കുക. [8]"കല്ലറയിൽ" ആണെന്നു പറയുന്നവർ - ശരീരം അഴുകി മണ്ണോടു ചേരുന്നതുകൊണ്ട്, അവരുടെ അന്തിമ ഉത്തരം "എവിടെയുമില്ല" എന്നായിരിക്കും. [9]നമ്മുടെ പാപം നമ്മെ ദൈവത്തിൽനിന്നകറ്റിയപ്പോൾ (യെശയ്യാവ് 59:1, 2), നാം പാപത്തിൽ മരിച്ചവരായിരുന്നു (എഫസ്യർ 2:1). ആത്മാവ് ശരീരം വിട്ടുപോകുമ്പോൾ, നാം ഭൗതികമായി മരിക്കുന്നു (യാക്കൊബ് 2:26). നിത്യതയിൽ ആത്മാക്കൾ എന്നേക്കുമായി ദൈവത്തിൽനിന്നകന്നു പോകുന്നതാണ് (വെളിപ്പാട് 20:14) "രണ്ടാം മരണം" (2 തെസലൊനിക്യർ 1:9). [10]സി. ജി. വിൽകെ ആന്റ് വിലിബാൾഡ് ഗ്രിം, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ്,* ട്രാൻസ് ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബർഗ്, സ്ക്കോട്ട്ലന്റ്: റ്റി. ആന്റ് റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ്; ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 677.

[11]തേയർ, 520. [12]ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ, സാഹചര്യം മാറി എന്നും - ലൂക്കൊസ് 16 നമ്മെ ഇപ്പോൾ ബാധിക്കുന്നില്ല എന്നും പറയുന്നതിനെ കുറിച്ച് അറിയുവാൻ ഈ പുസ്തകത്തിൽ പിന്നീട് വരുന്ന - "മരിച്ച നീതിമാന്മാർ നേരിട്ടു സ്വർഗത്തിൽ പോകുമോ?" എന്നതു പരിശോധിക്കുക. [13]പാതാളലോകം എന്ന ആശയത്തിനെതിരായും അതേ വാദഗതി ഉയർന്നിട്ടുണ്ട്, അതും ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "മരിച്ച

നീതിമാന്മാർ നേരിട്ട് സ്വർഗത്തിൽ പോകുമോ?" എന്നതു നോക്കുക. [14]ഈ ആശയങ്ങൾ ഞാൻ "മരിച്ച നീതിമാന്മാർ നേരിട്ട് സ്വർഗത്തിൽ പോകുമോ?" എന്ന പാഠത്തിൽ മുഴുവനും പരാമർശിച്ചിട്ടുണ്ട്. [15]മരിച്ചവരുടെ അവസ്ഥയെ കുറിച്ച് പുതിയനിയമത്തിലുള്ളതിനേക്കാൾ വളരെ കുറച്ചുമാത്രമാണ് പഴയനിയമത്തിലുള്ളത്. ഗ്രീക്ക് വാക്കായ *ഹേഡസ്* എന്ന വാക്കിനേക്കാൾ പൊതുവായതും (അവ്യക്തവും) ആയ വാക്കാണ് ഷിയോൾ. പലപ്പോഴും ഷിയോൾ സൂചിപ്പിക്കുന്നത് വെറും ശവക്കുഴി ആണ്. [16]തേയറുടെ ലെക്സിക്കണിൽ "കാണാൻ കഴിയാത്ത" എന്നാണ്, 11. [17]തേയർ, 11. [18]കെജെവി *ഹേഡസ്* എന്ന വാക്ക് ഇംഗ്ലീഷിൽ "ഹെൽ" എന്ന് തർജിമ ചെയ്തതുകൊണ്ടുണ്ടായ തെറ്റിദ്ധാരണയാകാം. അതാണ് ലൂക്കൊസ് 16:23 ലുള്ളത്. [19]കെജെവിയിൽ "എ ഗ്രെയിറ്റ് ഗൾഫ് എന്നാണ്" (ലൂക്കൊസ് 16:26). [20]എന്റെ ഇന്റർലീനിയർ ബൈബിളിൽ "അവരെ നരകത്തിലേക്ക് തള്ളിക്കളവിൻ" എന്ന പ്രയോഗം മുഴുവനായി ഒരൊറ്റ ഗ്രീക്ക് ക്രിയയിൽനിന്നു തർജിമ ചെയ്തതാണ്, അർത്ഥം "[അവരെ] നരകത്തിന് ഏല്പിച്ചുകൊടുക്ക" എന്നാണ്.

[21]*ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ് ലിമിറ്റഡ്., 1971), 398. [22]അന്നത്തെ ഭക്ഷണരീതിയിൽനിന്ന് ഉരുത്തിരിഞ്ഞു വന്നതാകാം ഒരുപക്ഷെ ഈ അലങ്കാരപ്രയോഗം: ആതിഥേയനോട് ചേർന്ന് വലത്തുഭാഗത്തിരിക്കുന്ന ആൾ (ഏറ്റവും ആദരണിയ സ്ഥാനം), "അവന്റെ മടിയിൽ" അല്ലെങ്കിൽ മടിയിന്മേൽ ഇരിക്കുന്നു എന്നാണ് പറയപ്പെടുന്നത് (യോഹന്നാൻ 13:23, 25; 21:20; യോഹന്നാൻ 1:18 നോക്കുക). അമേരിക്കയിൽ ഇതിനെ "ബോസം ബഡീസ്" എന്നും "ഇൻ ദ ബോസം ഓഫ് ഫ്രൻസ്" എന്നും പറയും. [23]സെപ്തവജിന്റിൽ, നമുക്ക് പറുദീസ എന്ന വാക്ക് കിട്ടുന്നത് ഏദെൻ തോട്ടത്തെ സൂചിപ്പിച്ചിട്ടുള്ളതിൽനിന്നാണ്. [24]കെജെവിയിൽ "നരകം" എന്നാണ്, പക്ഷെ പ്രവൃത്തികൾ 2:31-ൽ ഉപയോഗിച്ചിരിക്കുന്നത് *ഹേഡസ്* എന്നതിന്റെ മറ്റൊരു രൂപമാണ്. [25]ഇതിനെ കുറിച്ച് കൂടുതലായി "മരിച്ച നീതിമാന്മാർ നേരെ സ്വർഗത്തിൽ പോകുമോ?" എന്ന പാഠത്തിൽ പറയുന്നുണ്ട്. മരിച്ചവർക്ക് ഇടക്ക് ഒരു സ്ഥാനമുണ്ടെന്ന് വിശ്വസിക്കുന്ന നമുക്ക് അത് കൈകാര്യം ചെയ്യുന്നതിന് പ്രയാസം നേരിട്ടേക്കാം (ഞാൻ ഊന്നൽ കൊടുത്തിരിക്കുന്നതുപോലെ), എന്നാൽ മരിച്ച നീതിമാന്മാർ നേരിട്ടു സ്വർഗത്തിൽ പോകുമെന്ന് വിശ്വസിക്കുന്നവർ നേരിടുന്ന പ്രശ്നം നമുക്ക് ഇല്ല. [26]ശുദ്ധീകരണസ്ഥലം (ലാറ്റിൻ വാക്ക് "ശുദ്ധമാക്കുക" എന്നതിൽനിന്നു വന്നതാണ്) ഒരു കത്തോലിക്കാ ഉപദേശമാണ്. ശിക്ഷിക്കപ്പെട്ടവർ നേരിട്ടു നരകത്തിലേക്ക് പോകുമെന്നും "കൃപയുടെ അവസ്ഥയിൽ" മരിച്ചവർക്ക് ക്ഷമിക്കപ്പെടാത്ത പാപമുള്ളതുകൊണ്ട് അവരെ വിശുദ്ധീകരണസ്ഥലത്തേക്ക് അയക്കുമെന്നാണ് അവർ പഠിപ്പിക്കുന്നത്. കഷ്ടത മൂലം "ശുദ്ധീകരിക്കുക" എന്നതാണ് വിശുദ്ധീകരണ സ്ഥലത്തിന്റെ ഉദ്ദേശം. ശുദ്ധീകരണസ്ഥാനത്തുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും, മാസ് നടത്തുവാനും, ധർമ്മം നൽകുവാനും ജീവിക്കുന്നവരോട് ആവശ്യപ്പെടും – അത് ആ ഭയങ്കരസ്ഥാനത്തിന്റെ കാലയളവ് ചുരുക്കുന്നതിനാണ്. ഈ ഉപദേശം കത്തോലിക്കാ സഭയുടം സ്ഥിരമായ ഒരു വരുമാനമാർഗവുമാണ്.